

# CHURCH VOICE

**C. S. I. MATEER MEMORIAL CHURCH**

Vol. 16 No.9 Newsletter September 2018



**“ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും”**

**(യോശുവ. 24:15)**



പുതിയ മഹായിടവക ഭാരവാഹികളെ ആദരിററുങ്കു.




വെള്ളപൊററ ദുരിതാശ്വാസ കേന്ദ്രത്തിനു സഹായം എത്തിച്ചപ്പോൾ




**Men's Fellowship Retreat**



**Women's Fellowship Housing Project**

# CHURCH VOICE

16th year of publication

**SEPTEMBER 2018**



**EDITORIAL BOARD**

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board**

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
R. Sajan Samson
(Editor)
Manoj Kumar Ebenezer
(Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



പാപമോചനത്തിന്റെയും പുതിയ കൂട്ടായ്മയിലെ പ്രവേശനത്തിന്റെയും അടയാളമാണ് സ്നാനം. മറ്റൊരു വ്യക്തിയായി ഒരുവനെ മാറ്റുന്ന കൂദാശയാണ് സ്നാനം. പഴയ ജീവിതത്തിൽ നിന്ന് പിന്തിരിയുക, പാപത്തോട് വിട പറയുക, മശിഹായോടുള്ള എതിർപ്പ് ഉപേക്ഷിക്കുക എന്നിവ മാനസാന്തരത്തിലൂടെ സാധ്യമാകണം. യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുകയും രക്ഷയുടെ ഏക മധ്യസ്ഥനായി സ്വീകരിക്കുകയും ചെയ്യുക, ആത്മാവിന്റെ ആവാസത്തിനുള്ള അവസരം ഒരുക്കുക, മശിഹായുടെ സമൂഹത്തിലേക്കുള്ള പ്രവേശനം സാധിക്കുക എന്നിവ സ്നാനം എന്ന സാക്രമെന്തിലൂടെ സാധിക്കുന്നു.

Baptism എന്ന പദം 'Baptizo' എന്ന യവനപദത്തിൽ നിന്ന് ഉണ്ടായി. തളിക്കുക, തെറിക്കുക, നനയ്ക്കുക, മുക്കുക, കഴുകുക എന്നിങ്ങനെ അർത്ഥമുണ്ട്. ഏതെങ്കിലും ഒരു പദം മാത്രം തെരഞ്ഞെടുത്ത് അതുമാത്രം ശരിയെന്ന് പ്രഖ്യാപിക്കുന്നത് സത്യവചനത്തോടുള്ള നിഷേധമാണ്. അതിനാൽ വെള്ളത്തിന്റെ അളവിലല്ല സ്നാനത്തിലൂടെ ലഭിക്കുന്ന ദൈവകൃപയാണ് പ്രധാനം. അദൃശ്യമായ ദൈവകൃപയുടെ ദൃശ്യഅടയാളമാണ് സ്നാനം. കൂടാതെ ഒരാൾ സ്നാനം സ്വയം സ്വീകരിക്കുന്നത് സ്നാനവും മറ്റൊരാൾ സ്നാനപ്പെടുത്തുന്നത് സ്നാപനവുമാണ്.

യേശുവും നിക്കോദെമോസും തമ്മിലുള്ള സംവാദം വായിച്ചിട്ടില്ലേ? (യോഹ.3). 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല' (3:3). 'പുതുതായി' എന്നതിന് തത്തുല്യമായി ഉപയോഗിച്ചിരിക്കുന്ന 'അനോത്തൻ' എന്ന ഗ്രീക്ക് വാക്കിന് from above, again എന്നീ അർത്ഥതലങ്ങളുണ്ട്. യേശു അവനോട് മുകളിൽ നിന്ന് ജനിക്കണം എന്നാവശ്യപ്പെട്ടപ്പോൾ നിക്കോദമോസ് 'വീണ്ടും' എന്ന അർത്ഥത്തിൽ മനസ്സിലാക്കി. അതിനാൽ ഉയരത്തിൽ നിന്ന് അഥവാ ദൈവത്തിൽ നിന്ന് ജനിക്കുന്നതാണ് സ്നാനം. യേശു മേലിൽ നിന്നുള്ളവൻ 'മേലിൽ നിന്നും വരുന്നവൻ എല്ലാവർക്കും മീതെ ഉള്ളവൻ... സ്വർഗ്ഗത്തിൽ നിന്നും വരുന്നവൻ എല്ലാവർക്കും മീതെയുള്ളവൻ' (യോഹ.3:31).

വെള്ളത്താലും ആത്മാവിനാലും ജനിക്കണം എന്ന് യേശു നിക്കോദമോസിനോട് ആവശ്യപ്പെട്ടു. ജലം ശുദ്ധീകരണത്തിന്റെയും ആത്മാവ് ശക്തീകരണത്തിന്റെയും അടയാളം. ജഡത്താൽ ബാഹ്യശുദ്ധീകരണവും ആത്മാവിനാൽ ആന്തരീക ശക്തീകരണവും സാദ്ധ്യമാകണം. 'നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും. നിങ്ങൾ നിർമ്മലരായിത്തീരും. നിങ്ങളുടെ സകല മലിനതയെയും നീക്കി നിർമ്മലീകരിക്കും; പുതിയ ഹൃദയം തരും. പുതിയ ആത്മാവിനെ ഉള്ളിലാക്കും' (യെഹ.36:25,26). ദൈവത്തിൽ നിന്നും ജനിക്കുന്നത് പൂർണ്ണമായും പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. ജഡത്താൽ ജനിച്ചത് ജഡം, ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു (യോഹ.3:6). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് പൂർണ്ണമായും വിധേയപ്പെടുത്തിക്കൊടുക്കാൻ സ്നാനപ്പെട്ട വ്യക്തിക്ക് സാധിക്കണം.

ക്രിസ്തുവിനോട് കൂടെ മരിക്കുകയും ഉയിർക്കുകയും ചെയ്യുന്നതാണ് സ്നാനം. പാപത്തിന് മരിക്കുകയും നീതിക്ക് ജീവിക്കുകയും ചെയ്യുന്നു.

കോതമ്പുമണി നിലത്തുവീണ് ചാകണം. എങ്കിൽ വളരെ വിളവുണ്ടാകും (യോഹ.12:24). കൂടാതെ ക്രിസ്തുവിനോട് കൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതുതന്നെ ചിന്തിപ്പിൻ (കൊലോ.3:1,2).

നാൻസിയാനസിലെ ഗ്രിഗറി എന്ന സഭാപിതാവിന്റെ അഭിപ്രായത്തിൽ സ്നാനം ദൈവത്തിന്റെ ദാനങ്ങളിൽ ഏറ്റവും മനോഹരവും മഹത്തരവുമാണ്. നാമതിനെ ദാനം, കൃപാവരം, അഭിഷേകം, ജ്ഞാനോദ്ദീപനം, അമർത്യതയുടെ വസ്ത്രം, പുനർജനനത്തിന്റെ സ്നാനം, മുദ്ര എന്നിങ്ങനെ ഏറ്റവും വിലപ്പെട്ട നാമംകൊണ്ട് വിളിക്കുന്നു. അതിനാൽ ലഭ്യമായ സ്നാനത്തിൽ സംതൃപ്തിയുള്ളവരും അതിന്റെ പൊരുൾ ഉൾക്കൊണ്ടുകൊണ്ട് വിശുദ്ധിയോടും നീതിയോടും ജീവിക്കുവാനും ഉയരത്തിലുള്ളത് ചിന്തിക്കാനും സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹാദരവുകളോടെ,

**ജേക്കബ്ബച്ചൻ**



# പ്രതിവാര ധ്യാനം

സെപ്റ്റംബർ 2, വിദ്യാഭ്യാസ ഞായർ & അധ്യാപക ദിനം
വിഷയം: **യേശു എന്ന ഗുരു**
സദൃ.4:1-19, സങ്കീ.141, അ.പ്ര.22:1-5, ലൂക്കൊ 4:31-44

സെപ്റ്റംബർ 9, സ്ത്രീജന ഞായർ
വിഷയം: **ദൈവത്തിന്റെ വിമോചന പ്രക്രിയയിൽ പങ്കാളികളായ സ്ത്രീകൾ**
പുറ.1:15-22, സങ്കീ.148, റോമ:16.1-16, മർക്കൊ.15:37-41

സെപ്റ്റംബർ 16, മൂന്നാം ഞായർ
വിഷയം: **എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു**
സെഖ.8:12-19, സങ്കീ.119:161-176, റോമ.5:1-5, യോഹ.16:16-33

സെപ്റ്റംബർ 23, നാലാം ഞായർ
വിഷയം: **ദാരിദ്ര്യത്തോടുള്ള ക്രൈസ്തവ പ്രതികരണം**
ആമോ.8:4-7, സങ്കീ.145, യാക്കോ.2:1-7, ലൂക്കൊ.16:19-31

സെപ്റ്റംബർ 30, വയോജന ഞായർ
വിഷയം: **മുതിർന്നവരുടെ ജ്ഞാനം**
ഉൽപ്പ.24:1-14, സങ്കീ.92, 2.തിമൊ.1:3-14, ലൂക്കൊ.1:5-7

ഒക്ടോബർ 07, ഐമേനികളുടെ ഞായർ
വിഷയം: **അല്മായ ശുശ്രൂഷ**
1 ശമു. 25 : 14-28, സങ്കീ: 23, 1 തെസ്സ. 4:1-12, ലൂക്കൊ. 10: 25-37

## Secretary's Report



**Dear friends in Christ,**

**Greetings in the precious name of our Lord and Saviour Jesus Christ.**

This month our gracious Lord has protected us from all the natural calamities and untoward setbacks. However some of our economically weak members have been reeling under agonies due to grossly inadequate protection for their homes to withstand the natural calamities, in particular, the incessant rains. Therefore it is necessary to identify such houses of our own members and extend requisite maintenance/ modifications in those houses so that they should feel that the church cares for them. Similarly, our State is facing an unusual flood situation for over one month. Many of our fellow beings are undergoing a tragic phase in their life due to loss of their dear ones, property and houses. As church we have to rise to the occasion and extend helping hands to those in need through special offertory, door collection etc.

***"Let us join our hands together in prayer to LIFT our Nation to the Lord".***

The 72nd Independence day was observed by the church on August 15, 2018 at 8 am by hoisting the National flag and singing the National anthem. The event was co-ordinated by CEYF.

**1. Church Committee Meeting**

In August, regular church committee meeting was held on 12/08/2018 Sunday and continuation meeting on 19/08/2018.

**2. General Body Meeting**

The church general body meeting conducted on 29/07/2018 was attended by 319 church members. The meeting started at 10:30 am and ended at 1.30 pm. The budget for the year 2018-2019 of the church was unanimously passed.

**3. Installation of Deacon**

On 29-7-2018 (sunday), the installation of Mr Jobin. B.David was held at 8:30 am Malayalam Service. The installation ceremony was conducted by Rev.D.Jacob

**4. Installation service of new office bearers of South Kerala Diocese for the triennium 2018-2021**

On 06/08/2018, the installation of the following new office bearers was held at MM Church at 9 am. in a solemn service led by Rt. Rev. A.Dharmaraj Rasalam, Bishop South Kerala Diocese.

| | |
|---|---|
| Vice Chairman | - Rev.Dr. R. Gnanadas |
| Secretary | - Dr.P. K. Rose Bist |
| Treasurer | - Rev. D. N. Calvin Kisto |

**5. Circle Prayers**

During the month, 30 circle prayers were conducted at the residences of our church members.

**6. MM Church extends helping hand**

Our church extends helping hand to flood affected victims staying at relief centres in Trivandrum by providing clothes and other essential materials. Besides, bedsheets where also handed over to the Trivandrum City Corporation Councillor Mrs. Bindhu Sreekumar for distribution to the flood affected victims of Central and Northern districts of Kerala.

**7. Poor Fund/Aid**

The following beneficiaries were selected for availing Poor Fund/Aid.

**Marriage Aid**

| | | | |
|---|---|---|---|
| i. | Selvi Kottavila, Parasala | | Rs.15000/- |
| i. | Lawrence C | Mambazhakara | Rs.12000/- |
| ii. | Jothy | Aryancode Ottasegaramangalam | Rs.12000/- |

**Medical Aid**

| | | | |
|---|---|---|---|
| i. | Prakash Samuel Raj | (MMChurch) Ambalanagar | Rs.3000/- per month |
| ii. | Michal Pappachan | (MMChurch) | Rs.3000/- Per month |
| iii. | Sophi S | Kazhakuttam | Rs.5000/- |
| iv. | K. Lilly | Vellarda | Rs.10000/- |
| v. | Komalam | Manacadu | Rs.10000/- |
| vi. | Mary Pushpam | Poovar | Rs.5000/- |
| vii. | Lawrence C | Mambazhakara | Rs.3000/- |
| viii. | Anoop A | Kozhikodu | Rs.1000/- |
| ix. | Nagarajan | Manacadu | Rs.10000/- |
| x. | John Babu | Kuruvilanchal | Rs.10000/- |
| xi. | Jobi | Thirshoor | Rs.1000/- |
| xii. | Sony | Pacha Palode | Rs.5000/- |
| xiii. | Annop P. Cheriyan | Coimbathoor | Rs.10000/- |

**House Maintenance Help**

i. Beenamol S. NCC Road, Peoorkada Rs.10000/-

ii. Sarojini (Fno.690),Rajaji Nagar – Decided to provide repairs and maintenance of the existing house.

**Education Help**

| | | | |
|---|---|---|---|
| i. | Meena | Cheriyakonni, Mylam | Rs.10,000/- |
| ii. | Jaya Prakash | BD Student, Poozhikunnu | Rs.25000/- |

**8. Coir mat carpet, Vacuum Cleaner and Computer Scanner**

In response to the announcement given during the Sunday worship services for the requirement of Coir mat carpet, Vacuum Cleaner and Computer Scanner for the church, two church members sponsored the cost of the above items.

**9. Charity Fest of Young Family Fellowship on August 15, 2018**

A fund raising programme to help the poor and needy was organised by YFF of M M Church on August 15, 2018 successfully. Shri.N.Sakthan former Speaker Kerala legislative Assembly and our member inaugurated the fest.

**10. Accounts for the month of July 2018**

The accounts for the receipts and payments for the month of July 2018 is published on page nos. 24 to 27 of this issue.

**11. Marriages**

The following members of our church got married during August 2018

| | | |
|---|---|---|
| i. | Daniel C. Ribu | Family no.1455 on 15.08.2018 |
| ii. | Rexy Charles | Family no.1666 on 21.08.2018 |
| iii. | Anagha Tobi | Family no.1565 on 22.08.2018 |
| iv. | Asha G. Thoams | Family no.1432 on 23.08.2018 |

In addition, 11 no of marriages of members belonging to other Churches were conducted during the month.

**12. Birthday Greetings**

Church Committee extends hearty and blessed birthday wishes to all our beloved members who celebrated their birthday during the month of August 2018.

**13. Obituary**

Smt. Stella Thomas Family No.710 was called to eternal rest on 02-08-2018

***May God our Father and the Lord Jesus Christ give you all grace and peace.***

**Dr. Thampi Sam Raj Y C**
**Church Secretary**

# CEYF

## GOAL 2018 - Teenage Camp

**Date : October 17 to 20**
**Venue : Maria Rani Centre, Sreekaryam**

**Age : 12 to 19**
**Fees : Rs. 1000/-**

***For details and registration***

| Secretary | Convenor | Convenor |
|---|---|---|
| **Ajith Sen G. S.** | **Ceragil Austin Prince** | **Reggie David** |
| (9447888188) | (9037819570) | (9446035861) |

# ക്രിസ്തീയ കുടുംബം ദൈവസ്നേഹത്തിന്റെ ഉറവിടം

**(എഫെ. 5 : 22-30)**

**റവ. ഡോ. വർഗ്ഗീസ് റ്റി. ലീ**

സെപ്തംബർ മാസത്തിൽ ഒരാഴ്ച നാം സഭയായി 'കുടുംബവാരം' ആഘോഷിക്കുകയാണല്ലോ. സമൂഹമാകുന്ന ചങ്ങലയുടെ കണ്ണികളാണ് കുടുംബങ്ങൾ. കണ്ണികൾ തമ്മിലുള്ള ബന്ധത്തിലാണ് ചങ്ങലയുടെ ബലം സ്ഥിതി ചെയ്യുന്നത്. ബലിഷ്ഠമായ ഒരു ചങ്ങലയുടെ ശക്തി മുഴുവൻ ദുർബലമായ ഓരോ കണ്ണിയെയും ആശ്രയിച്ചിരിക്കുന്നു. കുടുംബങ്ങളിൽ ഉണ്ടാകുന്ന അകല്ച വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയെ സാരമായി ബാധിക്കുന്നു. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്നുള്ള ബോധം വളർത്തിയെടുക്കേണ്ട കളരി കുടുംബമാണ്. കൂടാതെ ഒരു വ്യക്തി തന്നോടുതന്നേയും, ദൈവത്തോടും സമൂഹത്തോടും ഉള്ള കടമ നിറവേറ്റുവാൻ പഠിക്കുന്ന രംഗവും കുടുംബമാണ്. ക്രിസ്തീയ കുടുംബത്തിനുള്ള സന്ദേശം മനുഷ്യന്റെ വസ്തു നിഷ്ഠവും, സാമൂഹ്യനിഷ്ഠയും ആയ ഉത്തരവാദിത്തം ഊന്നിപ്പറയുന്നതോടൊപ്പം മനുഷ്യജീവിതത്തെ പുതിയ കാഴ്ചപാടുകളിൽ കൂടി കാണുന്നതിന് ആഹ്വാനം ചെയ്യുന്നതുമാണ്.

1983 ൽ സി.എസ്.ഐ. സിനഡ് തലത്തിൽ പ്രസിദ്ധീകരിച്ച 'ക്രിസ്തീയ കുടുംബം' എന്ന പുസ്തകത്തിൽ കുടുംബത്തിന്റെ ചില പൊതുവായ പ്രത്യേകതകൾ താഴെപ്പറയുന്ന പ്രകാരം വിവരിച്ചിരിക്കുന്നു.

a) സാമൂഹ്യസ്ഥാപനങ്ങളിൽ ഏറ്റവും പഴക്കമുള്ളത് കുടുംബത്തിനാണ്. കുടുംബത്തിലൂടെയാണ് മനുഷ്യൻ സഹജീവികളുമായി ഇണങ്ങി ജീവിക്കുവാൻ പഠിച്ചത്.

b) ഏറ്റവും ശക്തമായ സുസ്ഥിരമായ സാമൂഹ്യസ്ഥാപനമാണ് കുടുംബം. മാനവ സംസ്കാരം ഉടലെടുത്തശേഷം അനേകം സാമൂഹ്യസ്ഥാപനങ്ങൾ ഉണ്ടായി നശിച്ചിട്ടുണ്ട്. എന്നാൽ കുടുംബമെന്ന സ്ഥാപനം പല അഗ്നിപരീക്ഷകളെയും അതിജീവിച്ചു രൂപാന്തരങ്ങളിലൂടെ ഇന്നും നിലനില്ക്കുന്നു.

c) കുടുംബം ഏറ്റവും പ്രിയങ്കരമായ ഒരു സ്ഥാപനമാണ്. മറ്റൊരു സ്ഥാപനത്തോടും ഇത്രയും വൈകാരികബന്ധം മനുഷ്യനു ഉണ്ടാകാറില്ല. ഏതു സംസ്കാരത്തിലും സ്ത്രീയും പുരുഷനും ഒരു കുടുംബത്തിലെ അംഗമായിരിപ്പാൻ അതിയായി ആഗ്രഹിക്കുന്നു. ഇതിന്റെ അടിസ്ഥാന കാരണം കുടുംബം എന്ന സ്ഥാപനം മനുഷ്യസൃഷ്ടിയല്ല, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട് ഒരു ജീവിതാവസ്ഥയാണ്.

കുടുംബജീവിതത്തിന്റെ ഒരു പഠന പുസ്തകത്തിൽ കുടുംബങ്ങളുടെ ഇന്നത്തെ സ്ഥിതി വിവരകണക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം കുടുംബങ്ങളെ മൂന്നു വിഭാഗമായി തരംതിരിച്ചിരിക്കുന്നു.

1.സന്തുഷ്ടമായ കുടുംബങ്ങൾ, 2. തകർന്ന കുടുംബങ്ങൾ, 3. നീറിപ്പുകയുന്ന കുടുംബങ്ങൾ.

ഒരു കുടുംബ സെമിനാറിൽ വെളിപ്പെടുത്തിയ സ്ഥിതിവിവരകണക്കുകൾ ഇപ്രകാരമാണ്.

| | |
|---|---|
| സന്തുഷ്ടമായ കുടുംബങ്ങൾ | – 10% |
| തകർന്ന കുടുംബങ്ങൾ | – 30% |
| നീറിപ്പുകയുന്ന കുടുംബങ്ങൾ | – 60% |

സന്തോഷവും, സമാധാനവും കളിയാടുന്ന സന്തുഷ്ടകുടുംബങ്ങളുടെ എണ്ണം വളരെ തുച്ഛമാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷം മാറണം.

'ദൈവം ക്രിസ്തുവിൽ മനുഷ്യനുവേണ്ടി', 'മനുഷ്യൻ ക്രിസ്തുവിൽ ദൈവത്തിനുവേണ്ടി' എന്നീ രണ്ടു പ്രസ്താവനകളിൽ സുവിശേഷ സത്യങ്ങളെ സംഗ്രഹിക്കാം. ദൈവസ്നേഹം ക്രിസ്തീയ ധാർമ്മിക ജീവിതത്തിന്റെ മാനദണ്ഡമാണ്. ദൈവത്തിനു മനുഷ്യരോടുള്ള സമീപനം തന്നെ ആയിരിക്കണം മനുഷ്യന് ദൈവത്തോടും സഹജീവികളോടും ഉണ്ടായിരിക്കേണ്ടത്. ഇവിടെയാണ് ക്രിസ്തീയ സ്നേഹത്തിന്റെ നിത്യചൈതന്യം നിലകൊള്ളുന്നത്. **കുടുംബജീവിതത്തെ ദൃഢപ്പെടുത്തുന്ന ഒരു സുപ്രധാന ശക്തിയാണ് സ്നേഹം.** ജീവിതത്തിന്റെ എല്ലാ മേഖലകളെയും സമഗ്രമായി സ്പർശിക്കുന്ന ഒരു വൈകാരിക ഘടകമെന്നതോടൊപ്പം ശക്തമായ ദാർശനികവും ഭൗതികവുമായ വശങ്ങളും സ്നേഹത്തിനുണ്ട്. സ്നേഹിക്കുവാനും, സ്നേഹിക്കപ്പെടുവാനുമുള്ള ആഴമായ ആന്തരീക അഭിനിവേശം എല്ലാ ജീവജാലങ്ങളിലും ശക്തമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം, ശാരീരികവും മാനസീകവും ആധ്യാത്മീകവുമായ ആരോഗ്യത്തിനും, വികസനത്തിനും സ്നേഹം അനിവാര്യമായ ഒരു ഘടകമാണ്. ശൈശവത്തിലും, കൗമാരദശയിലും യൗവനത്തിലും വാർദ്ധക്യത്തിലും ഇതു ഒരുപോലെ പ്രധാനമാണ്. സ്നേഹത്തിന്റെ അഭാവം ശിശുവിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. ശൈശവദശയിൽ സ്നേഹം നിഷേധിക്കപ്പെടുന്ന കുട്ടികളുടെ വ്യക്തിത്വം വികലമാക്കപ്പെടുന്നു. കൗമാരത്തിൽ സ്നേഹത്തിന്റെ അഭാവം കുറ്റകൃത്യങ്ങൾക്കും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കും പ്രേരണ നല്കുന്നു. യൗവനദശയിൽ അസഹിഷ്ണുത, അകാല വാർദ്ധക്യലക്ഷണങ്ങൾ എന്നിവ സ്നേഹത്തിന്റെ അഭാവം ഉളവാക്കുന്നു. വാർദ്ധക്യത്തിലാകട്ടെ നിരാശയും, ഏകാന്തയും മറ്റുമായിരിക്കും സ്നേഹം നിഷേധിക്കപ്പെടുന്നതിന്റെ അനന്തരഫലം. ചുരുക്കിപറഞ്ഞാൽ, **ഈ പ്രപഞ്ചം മുഴുവൻ തിരിയുന്നതുതന്നേ സ്നേഹമെന്ന കേന്ദ്രബിന്ദുവിലാണ്.** കുടുംബവുമായുള്ള ബന്ധത്തിൽ ഈ അത്ഭുത പ്രതിഭാസത്തിന്റെ ചില വശങ്ങൾ ചൂണ്ടി കാണിക്കട്ടെ.

**1. സ്നേഹം ഒരു പ്രതിബദ്ധതയാണ്, ഭാവുകാത്മകതയല്ല** (Love is a commitment, not a sentiment). മൃദുലവികാരങ്ങളെ തട്ടിയുണർത്തുന്ന ഒരു ആനന്ദാനുഭൂതിയായി സ്നേഹത്തെപ്പറ്റി നാം ചിന്തിക്കാറുണ്ട്. എന്നാൽ സ്നേഹം വെറും വൈകാരിക തലത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒന്നല്ല. പ്രതിബദ്ധതയാണ് സ്നേഹത്തിന്റെ മുഖ്യഭാവം. കുടുംബജീവിതത്തിൽ പ്രതിബദ്ധതയുടെ പ്രാധാന്യം എന്തു എന്നു വിശുദ്ധ പൗലൊസ് ഇപ്രകാരം പറയുന്നു, "ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി ശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം, മുതലായതു ഒന്നുമില്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കയുമായി തനിക്കുതന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന് തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു (എഫെ. 5:25–27). വിവാഹബന്ധം ഭാര്യഭർത്താക്കന്മാർ പരസ്പരം ഉള്ള ഏല്പി

ച്ചുകൊടുക്കൽ ആണ്. ഒരാൾ തന്റെ ജീവിത പങ്കാളിക്കുവേണ്ടി ജീവിക്കുന്ന ഒരു ജീവിതശൈലിയാണ് പ്രതിബദ്ധത. ഇരുവരുടേയും അന്യോന്യമുള്ള സമർപ്പണമാണത്. പങ്കാളികൾ (ഭാര്യയും ഭർത്താവും) സ്വജീവനും സർവസ്വവും അന്യോന്യം പൂർണ്ണമായി സമർപ്പിക്കുന്ന ഒരു പ്രക്രിയയാണിതു. പങ്കാളിയുടെ, ശാരീരികവും മാനസികവും ഭൗതികവും സാമൂഹികവും മതപരവുമായ എല്ലാ ആവശ്യങ്ങളും നിർവിഘ്നം നിറവേറ്റുന്നതിനുള്ള ബാദ്ധ്യത ഇതിൽ അടങ്ങിയിരിക്കുന്നു. ഈ പ്രതിബദ്ധത പൂർത്തീകരിക്കപ്പെടുമ്പോൾ മാത്രമാണ് വിവാഹത്തിലൂടെ കുടുംബജീവിതത്തിന്റെ അടിസ്ഥാനം ശക്തമായി ഉറപ്പിക്കപ്പെടുന്നത്. ഈ പ്രക്രിയ ഒരു ദിവസംകൊണ്ട് പൂർത്തിയാകുന്നതല്ല. ജീവിതത്തിലൂടനീളം ഇത് വ്യാപിച്ചു കിടക്കുന്നു.

**2. സ്നേഹം ഒരു ബന്ധമാണ്, ബന്ധനമല്ല** (Love is a bond not a bondage). പലപ്പോഴും പലർക്കും ബന്ധങ്ങൾ ബന്ധനങ്ങളായി മാറുന്നു. ദാമ്പത്യബന്ധത്തിൽ ഇതിന്റെ സാധ്യത കൂടുതലാണ്. ബന്ധനമെന്ന ചിന്ത ഉടലെടുക്കുമ്പോൾ ജീവിതം ദുർവഹമാകും. അതു പിന്നീടു വിവാഹമോചനത്തിലേക്കു നയിക്കും. ഒരു ടി. വി. പരിപാടിയിൽ ഒരു ഭാര്യ പറയുകയാണ്: “എന്റെ സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കുവാൻ ഞാൻ ഒരുക്കമല്ല. ബന്ധം ഉലയുന്നെങ്കിൽ ഞാൻ കാര്യമാക്കുന്നില്ല.” ഭാര്യ ഭർത്തൃബന്ധത്തിൽ ആരും ആരുടെയും അടിമയല്ല. ഭരിക്കുന്ന ആളും ഭരിക്കപ്പെടുന്ന ആളും എന്ന വിവക്ഷയില്ല. ചുമതല വഹിക്കുന്നതിൽ, രണ്ടുപേരും തുല്യപങ്കാളികൾ ആണ്. എങ്കിലും രണ്ടുപങ്കാളികളുടെയും ധർമ്മവും പ്രവർത്തനവും ഒന്നായിരിക്കണമെന്നില്ല. ജീവശാസ്ത്രപരമായ വ്യത്യാസങ്ങൾ ചില പ്രത്യേക ധർമ്മങ്ങൾ രണ്ടു പേരെയും ഏല്പിച്ചിട്ടുണ്ട്. അവ ഒഴിച്ചാൽ മറ്റെല്ലാ ധർമ്മങ്ങളും ആവശ്യങ്ങളും സൗകര്യവും സാഹചര്യങ്ങളും അനുസരിച്ചു പങ്കുവയ്ക്കാവുന്നതാണ്. അതു തീരുമാനിക്കുന്നതിൽപോലും പങ്കാളിത്തത്തിന് പ്രാധാന്യമുണ്ട്. ഭാര്യഭർത്താക്കന്മാർക്കുള്ള സ്നേഹം അവരെ ആജീവനാന്തം പരസ്പരം തുണക്കുന്ന ഒരു പ്രതിഭാസമായി തീരണം.

**3. സ്നേഹം ഒരു അവസ്ഥയാണ് വ്യവസ്ഥാവിധേയമല്ല** (Love is a condition not conditional). ദൈവം ക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചതു യാതൊരു വ്യവസ്ഥയുമില്ലാതെയാണ്. കുടുംബജീവിതത്തിലും പങ്കാളികൾ തമ്മിലുള്ള ബന്ധം ഈ തരത്തിലായിരിക്കണം. വ്യവസ്ഥകൾക്കതീതമായി അംഗീകരിക്കുന്നതാണ് യഥാർത്ഥ സ്നേഹം. ‘ഇന്നതു ചെയ്തിരുന്നുവെങ്കിൽ’ ‘ഈ സ്വഭാവത്തിനു വ്യത്യാസം വരുത്തിയെങ്കിൽ’ മുതലായ നിരവധി ചിന്തകൾ ബന്ധങ്ങളെ സ്വാധീനിക്കാറുണ്ട്. ഇവിടെ ബന്ധങ്ങൾ യഥാർത്ഥ സ്നേഹത്തിൽ നിന്നും വഴിമാറി കച്ചവടത്തിലെ ഉടമ്പടിയായി മാറുന്നു. സന്തുഷ്ടകുടുംബജീവിതത്തിനും വ്യവസ്ഥാവിധേയമല്ലാത്ത സ്നേഹം അനിവാര്യമാണ്. ഇന്നത്തെ കാലത്തു നിസാര കാര്യങ്ങൾക്കുപോലും വഴക്കു ഉണ്ടാക്കി വിവാഹമോചനം കോടതിയിലെത്തുകയും വിവാഹമോചനത്തിനു അപേക്ഷിക്കുകയും ചെയ്യുന്നവരുടെ സംഖ്യ വർദ്ധിച്ചുവരുന്നു. യഥാർത്ഥ സ്നേഹം വ്യവസ്ഥാവിധേയമല്ല, സ്നേഹം വാങ്ങുന്നതല്ല, കൊടുക്കുന്നതാണ്. സ്നേഹത്തിന്റെ ഒരു നിർവചനം ഇപ്രകാരം പറയുന്നു “മറ്റൊരാളിന്റെ നന്മയ്ക്കായി നമുക്കുള്ള ഏറ്റവും വിലപിടിപ്പുള്ളത് നല്കുന്നതാണ് യഥാർത്ഥ സ്നേഹം” (Giving the very best of mine for the very best of other is called love)

**4. സ്നേഹം ത്യാഗമാണ്, സ്വാർത്ഥ പ്രേരിതമല്ല** (Love is sacrificial not selfish). സ്നേഹിക്കപ്പെടുന്ന ആളിൽ നിന്നു എന്തു ലഭിക്കും എന്നതല്ല മറിച്ചു

എന്തു നല്കുവാൻ സാധിക്കും എന്നാണ് സ്നേഹം അന്വേഷിക്കുന്നത്. സ്നേഹ ബന്ധത്തിൽ നഷ്ടമോ കഷ്ടമോ ഉണ്ടായാലും സന്തോഷിക്കുവാൻ സാധിക്കുന്നതു അപ്പോൾ മാത്രമാണ്. ഭാര്യഭർത്തൃബന്ധങ്ങൾ ഭാര്യക്ക് എന്തു നല്കുവാൻ കഴിഞ്ഞു എന്നതിൽ ഭർത്താവും ഭർത്താവിന് എന്തു നല്കുവാൻ കഴിഞ്ഞു എന്നതിന് ഭാര്യയും സന്തോഷവും സംതൃപ്തിയും കണ്ടെത്തണം. താൻ സ്നേഹിക്കുന്ന ആളിനു വേണ്ടി എന്തൊക്കെ ത്യജിക്കുവാൻ സന്നദ്ധതയുണ്ട് എന്നതാണ് സ്നേഹത്തിന്റെ ആഴം അളക്കുന്ന അളവുകോൽ. യഥാർത്ഥ സ്നേഹം ഉള്ളയിടത്തു എത്രയും ത്യാഗം അനുഭവിക്കുന്നുവോ അത്രയും കൂടുതൽ സംതൃപ്തി ലഭിക്കുന്നു. എന്തു വിലകൊടുത്തും സ്നേഹം നിലനിർത്തുവാനുള്ള സന്നദ്ധതയാണ് ഇവിടെ പ്രകടമാകുന്നത്. ഇവിടെ ത്യാഗം ഒരു നേട്ടമായിട്ടാണ് കണക്കാക്കപ്പെടുക. ത്യാഗപൂർണമായ സ്നേഹം പ്രകടിപ്പിക്കാത്ത സാഹചര്യങ്ങളിൽ കുടുംബബന്ധം വളരുകയില്ലെന്നു മാത്രമല്ല തളർന്നു തകർച്ചയിലേക്കു നീങ്ങുകയും ചെയ്യും.

കുടുംബത്തിലെ സ്നേഹനിർഭരമായ അന്തരീക്ഷം പലവിധത്തിലുള്ള സന്തോഷത്തിന്റെയും ഉറവിടമാണ്. ഭാര്യാഭർതൃസ്നേഹവും, മാതാപിതാക്കൾക്ക് കുട്ടികളോടുള്ള സ്നേഹവും കുട്ടികൾക്ക് മാതാപിതാക്കളോടുള്ള സ്നേഹവും കുടുംബാംഗങ്ങൾ തമ്മിൽ തമ്മിലുള്ള സ്നേഹവും കുടുംബാന്തരീക്ഷത്തെ സ്വർഗ്ഗതുല്യമാക്കി തീർക്കും. കുടുംബസ്നേഹം കുടുംബത്തിന്റെ നാലു അതിർത്തിക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നില്ല. കുടുംബത്തിൽ സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന അനുഭവം സമൂഹത്തിലെ അംഗങ്ങളെയും സ്നേഹിക്കുവാൻ അവരെ പഠിപ്പിക്കും. അവരായിരിക്കും സമൂഹത്തിലെ ഏറ്റവും നല്ല വ്യക്തികൾ. ❍

# YFF Charity Fest 2018

## Sharing our blessings with others

Charity Fest-2018, an initiative to help the poor and the needy, organized by the Young Family Fellowship of the CSI M.M.Church was held on 15th of August 2018 at TJM Hall. About 5 lakh rupees could be collected through this event. We extend our heartfelt gratitude to all those who supported with their prayers, presence and participation. The program was inaugurated by Mr. N. Shakthan, former Speaker, Kerala Legislative Assembly. Rev.D.Jacob, Presbyter in Charge of M.M. Church and President of YFF, presided over the meeting. Presbyters, Rev. N. L. Praveen Raj, Rev. Y. Vijayadas anr Rev. P. Rohan were also present.

Dr.Thampi Sam Raj, Church Secretary and Mr.Stanley Wilson, Accountant gave felicitation speeches. Er.David Anush, took the first bid. Er.Jerry Daniel and Dr.Sheeja Bobby were 2nd and 3rd bidders respectively.

A Photography and Painting contest and its exhibition was also conducted along with the programme. The support from the CEYF and Sunday School was overwhelming. We once again thank each and every person who contributed towards this noble cause. We also request to continue supporting the YFF Charity Mission.

**Sen Edwin, Secretary, YFF**

ലേഖനം

# അദ്ധ്യാപകദിനചിന്തകൾ

**ഡോ. ഡി. ബഞ്ചമിൻ**

ഇന്ത്യയുടെ രാഷ്ട്രപതിയും മഹാനായ ദാർശനികനുമായിരുന്നു ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ ജന്മദിനമാണ് നാം അദ്ധ്യാപകദിനമായി ആഘോഷിക്കുന്നത്. ദേശീയവും അന്തർദേശീയവുമായ സർവ്വകലാശാലകളിൽ തത്വശാസ്ത്രത്തിന്റെ പ്രൊഫസർ കൂടിയായിരുന്നു അദ്ദേഹം. ഭാരതീയ ദർശനങ്ങളെക്കുറിച്ച് അനേക വാല്യങ്ങളിലുള്ള പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. സത്യാന്വേഷകനായ അദ്ധ്യാപകനായിരുന്നു അദ്ദേഹം. അദ്ധ്യാപകർ അദ്ദേഹത്തോളം ഔന്നത്യം നേടണമെന്ന സൂചന അദ്ദേഹത്തെ മുൻനിറുത്തിയുള്ള അധ്യാപകദിനാചരണത്തിന്റെ പിന്നിലുണ്ട്.

അദ്ധ്യാപനത്തെയും പൗരോഹിത്യത്തെയും പണ്ടു മുതലേ സേവന മേഖലകളായാണ് നാം കണ്ടിരുന്നത്. അതുകൊണ്ട് തന്നെ അവർ അത്യന്തം ബഹുമാനിക്കപ്പെട്ടിരുന്നു. കേരളത്തിന്റെ ചരിത്രത്തിലും ഇതൊരു യാഥാർത്ഥ്യമാണ്. പക്ഷേ അക്കാലത്ത് അവർക്കു സാമ്പത്തിക ഭദ്രതയുണ്ടായിരുന്നില്ല. അധ്യാപകർ വൃത്തിയായി വസ്ത്രം ധരിക്കണമെന്നും അന്തസ്സായി പെരുമാറണമെന്നും തങ്ങളുടെ ഗ്രാമങ്ങളുടെ സാംസ്കാരിക നേതൃത്വം വഹിക്കണമെന്നും ജനങ്ങളാഗ്രഹിച്ചിരുന്നു. തങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം തേടിയിരുന്നതും അവരോടാണ്. പക്ഷേ അവർക്കു മാന്യമായ വേതനം നല്കുന്നതിൽ സമൂഹം ശ്രദ്ധിച്ചില്ല. അതുകൊണ്ടു തന്നെ ദാരിദ്രവും പട്ടിണിയും അവ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും അവരെ നിരന്തരമലട്ടിയിരുന്നു. കാരൂർ നീലകണ്ഠപിള്ള ഈ പരിതാപാവസ്ഥയെക്കുറിച്ച് കുറച്ചധികം കഥകളെഴുതിയിട്ടുണ്ട്. അതൊന്നും വെറും കഥകളായിരുന്നില്ല. അധ്യാപകജീവിതത്തിന്റെ നേർചിത്രങ്ങളായിരുന്നു. ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു. സാമ്പത്തിക ഭദ്രത വലിയൊരളവോളം അവർ നേടിയിട്ടുണ്ട്. പക്ഷേ പണ്ട് അവർക്കു ലഭിച്ചിരുന്ന സാമൂഹികമായ പദവിയും ആദരവും ഇല്ലാതായിരിക്കുന്നു. അതിനു പല കാരണങ്ങളുണ്ട്. അധ്യാപനവൃത്തി ഒരു സേവനമാണെന്ന വിശ്വാസം അധ്യാപകർക്കു തന്നെ നഷ്ടമായി. അതും ഒരു തൊഴിൽ മേഖലയായിത്തീർന്നു. വളരെ ആത്മാർത്ഥതയും അർപ്പണമനോഭാവവുമുള്ള ഒരു ന്യൂനപക്ഷം അധ്യാപകരുടെ ആത്മീയമായ കരുത്തിലാണ് ഇന്ന് അധ്യാപനവൃത്തി പിടിച്ചു നില്ക്കുന്നത്. മാധ്യമത്തിലൂടെ പ്രചരിക്കുന്ന വാർത്തകൾ തികച്ചും ഉത്കണ്ഠാജനകമാണ്. വ്യക്തിജീവിതത്തിലും പൊതുജീവിത്തതിലും അച്ചടക്കം പാലിക്കാൻ അദ്ധ്യാപകർ മനഃപൂർവ്വം ശ്രമിച്ചില്ലെങ്കിൽ ഈ ജീർണ്ണത പരിധി വിട്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല.

കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരവും പിടിമുറുക്കുന്ന ജാതി

രാഷ്ട്രീയവും വിദ്യാർത്ഥി സംഘടനകളുടെ അമിതമായ സമ്മർദ്ദവും അധ്യാപകജീവിതത്തെ അത്യന്തം സംഘർഷം നിറഞ്ഞതാക്കിയിട്ടുണ്ട്. പഴയതുപോലെ വിദ്യാർത്ഥികളുടെ ജീവിതങ്ങളിൽ ആർജ്ജവത്തോടെ ഇടപെടാനും അവരെ ഫലപ്രദമായി നയിക്കാനും കഴിയാതെ വന്നിട്ടുണ്ട്. വിജ്ഞാനം പകർന്നു നല്കി നിർമമായി മാറി നില്ക്കുകയാണ് സുരക്ഷിതം എന്ന തോന്നലുളവായിട്ടുണ്ട്. അദ്ധ്യാപകരിൽ നിന്നും വിദ്യർത്ഥികൾക്കു ലഭിക്കേണ്ട സ്നേഹവും കരുതലും വാത്സല്യവും നേതൃത്വവും ലഭിക്കാതെ പോകുന്നു. ഇതിനുപരിഹാരം കണ്ടെത്തുക എളുപ്പമല്ല.

നവമാധ്യമങ്ങളിലൂടെ വിജ്ഞാനം പ്രവഹിക്കുമ്പോൾ എന്തിനെക്കുറിച്ചുമുള്ള അറിവ് ഗൂഗിളിലൂടെ സ്വന്തം മുറിയിൽ കിട്ടുമെന്നിരിയ്ക്കെ അധ്യാപകർ എന്നൊരു വർഗ്ഗത്തിന്റെ പ്രസക്തിയെന്തെന്ന ചോദ്യവും സമൂഹം ഉന്നയിച്ചു തുടങ്ങിയിരിക്കുന്നു. ഇന്ന് തെരഞ്ഞെടുത്ത സ്കൂളുകളിൽ ക്ലാസ് റൂമുകൾ സ്മാർട്ട് റൂമുകളാക്കി. അതിനി എല്ലാ സ്കൂളുകളിലുമുണ്ടാവും. തെരഞ്ഞെടുത്ത ചില അധ്യാപകർ ചെയ്യുന്ന പ്രഭാഷണങ്ങൾ എല്ലാവർക്കുമെത്തിച്ചു കൊടുത്താൽപ്പോരെ എന്ന ചോദ്യം തീർച്ചയായും ഉയരാതിരിക്കയില്ല. അറിവിന്റെ സംഭരണശാലകളായി വിദ്യാർത്ഥി മനസുകളെ മാറ്റാൻ അതുമതി. പക്ഷേ അറിവ് വിവേചിക്കപ്പെടുകയും സ്വാംശീകരിക്കപ്പെടുകയും വിവേകമായി മാറുകയും ചെയ്യുക എന്ന പ്രക്രിയ അവിടെ നടക്കുകയില്ല. അവിവേകിയുടെ കൈയിലെ അറിവുപോലെ ആപത്കരമായി മറ്റൊന്നുമില്ല.

മാതൃഭൂമി വാരികയിൽ രണ്ടു സ്ഥിരം പംക്തികളുണ്ട്. മധുരച്ചൂരലും, ചോക്കുപൊടിയും. തങ്ങളുടെ ജീവിത്തതിൽ വഴിത്തിരിവുകൾ ഉണ്ടാക്കിയ അധ്യാപകരെക്കുറിച്ചുള്ള സ്മരണകളാണ് മധുരച്ചൂരലിൽ ഉള്ളത്. 'ചോക്കുപൊടിയിൽ' തങ്ങളുടെ ജീവിതത്തിൽ അവിസ്മരണീയ മുഹൂർത്തങ്ങൾ സൃഷ്ടിച്ച വിദ്യാർത്ഥികളെക്കുറിച്ചുള്ള അധ്യാപകരുടെ കുറിപ്പുകളും. ഈ പരസ്പരസ്വാധീനമാണ് അധ്യാപക ജീവിതത്തെ ധന്യമാക്കുന്നത്. അധ്യാപകകരില്ലാത്ത ലോകം എത്ര ദരിദ്രമായിരിക്കുമെന്ന് ഓർത്തു നോക്കുക.

ക്രിസ്തുവിനെ ശിഷ്യന്മാർ റബ്ബി എന്നാണ് വിളിച്ചിരുന്നത്. ആ വാക്കിന് ഗുരു എന്നാണർത്ഥം. ഗുരു എന്ന വാക്കിന് അധ്യാപകൻ എന്ന വാക്കിനെക്കാൾ അർത്ഥഗരിമയേറും. ക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുക മാത്രമായിരുന്നില്ല. അവരുടെ ജീവിതത്തിന് മാർഗ്ഗനിർദ്ദേശം നല്കുകയും അവരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുകയും കൂടി ചെയ്തു.

തന്റെ വിഷയം പഠിപ്പിക്കാൻ അധ്യാപകൻ ബാധ്യസ്ഥനാണ്. വിദ്യാർത്ഥികളുടെ വ്യക്തിത്വ രൂപീകരണത്തിലിടപെടുക, അധ്യാപകന്റെ ധർമ്മവും. പക്ഷേ മാറിയ സാഹചര്യത്തിൽ ഇതെങ്ങനെ സാധിക്കുമെന്നതാണ് ചോദ്യം. ഇന്നത്തെ അധ്യാപകർ 'റിസ്ക്' എടുക്കേണ്ടിരിയിക്കുന്നു. പലതരം പ്രാതികൂല്യങ്ങളെ നേരിടേണ്ടിയിരിക്കുന്നു. അതിനുള്ള ധൈഷണികവും ആത്മീയവുമായ കരുത്ത് സമ്പാദിക്കേണ്ടിയിരിക്കുന്നു. അതിന് അവർക്ക് സമൂഹത്തിന്റെ പിന്തുണ ലഭിക്കുകയും വേണം. ○

# അമൃതം ഈ ജീവിതം

## (ബിഷപ്പ് റൈറ്റ് റവ.ഡോ. സാമുവൽ അമൃതം സ്മരണ)

**ഡോ. എസ്.ജി. ചർച്ചിൻ ബെൻ**



**കോ**ളറില്ലാത്ത പ്രത്യേകതരം വെള്ള കോട്ടൻ ഷർട്ടും മുണ്ടും ധരിച്ച് ലില്ലികൊച്ചമ്മയോടൊപ്പം എൽ.എം. എസ്. കോമ്പൗണ്ടിലെ വീഥിയിലൂടെ തിരക്കില്ലാത്ത പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും നടന്നു നീങ്ങുന്ന സാമുവൽ അമൃതം തിരുമേനിയെ ഞാൻ പതിവായി കണ്ടിട്ടുണ്ട്. അംഗരക്ഷകരുടെയോ, മറ്റു പരിപാലകരുടെയോ, അകമ്പടിയോ, സംരക്ഷണ കവചവും ഇല്ലാതെ ഏവരോടും പരിമിതിയും പരിതിയും ഇല്ലാതെ ഇടപഴകിയും സംഭാഷണം ചെയ്തു നടന്നു നീങ്ങുന്ന ശൈലി എന്റെ ജീവിതത്തിൽ വേറൊരു സഭാമേലദ്ധ്യക്ഷൻമാരിലും കണ്ടിട്ടില്ല. ഇടയ പരിപാലന ശുശ്രൂഷയ്ക്ക് തിരുമേനിയെ നമ്മുടെ മഹായിടവകയുടെ 4-ാംമത്തെ ബിഷപ്പായി നിയോഗിച്ച 1990 മെയ് 20-ാം തീയതി മുതൽ മഹായിടവക ജനങ്ങളെ തൊട്ടറിഞ്ഞ തിരുമേനിയെ സി.എസ്. ഐ. സഭ ജനകീയ ബിഷപ്പ് എന്ന വിളിപേരിന് ഇടയായി. സ്വന്തം വാഹനം സ്വയം ഓടിച്ച് മറ്റുള്ളവരെയും വാഹനത്തിൽ കയറ്റി തിരുമേനിയുടെ ദൈനം ദിനജീവിതം ശ്രദ്ധേയമായി.

ബിഷപ്പ് തിരുമേനി പാർത്തിരുന്ന എൽ.എം.എസ്. കോമ്പൗണ്ടിലെ ബംഗ്ലാവ് വ്യക്തിഭേദമില്ലാതെ ഏവരുടെയും ആവശ്യത്തിലിരിക്കുന്ന, അന്വേഷിക്കുന്ന, സന്ദർശിക്കുന്ന, ഏവരുടെയും ആദിത്യമരുളുന്ന ഇടം ആയി തിരുമേനിയും ലില്ലികൊച്ചമ്മയും ഉപയോഗിച്ചിരുന്നു. ഇത് അനേകരുടെ കണ്ണു നീരൊപ്പാൻ ഔദ്യോഗികകാര്യങ്ങൾ നേടുവാൻ പരാധീനതകളും പ്രതിസന്ധികളും പരിഹരിക്കുവാൻ ആവശ്യത്തിലിരിക്കുന്നവർക്ക് പ്രബോധനങ്ങൾ ലഭിക്കുന്നതിനും മുഖാന്തരമായി. അങ്ങനെ ഒരു ശ്രേഷ്ഠ ഇടയന്റെ പ്രത്യേക ജീവിതശൈലി തിരുമേനയിൽ ഞാൻ കാണുകയും, അനുഭവിച്ചറിയുകയും ചെയ്തു.

തൽഫലമായി വ്യത്യസ്ഥ ആവശ്യത്തിലുള്ള മഹായിടവക ജനങ്ങളുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും സന്ധാരണത്തിനും, കൂട്ടായ നന്മയ്ക്കും കാരണമായ തൊഴിൽ സംരംഭങ്ങൾ തിരുമേനിയും കൊച്ചമ്മയും നടപ്പിലാക്കി. എൽ.എം.എസ്. കോമ്പൗണ്ടിലെ ഭക്ഷണശാല, പ്രീപ്രൈമറി സി.ബി.എസ്.സി സ്കൂൾ, ക്യാമ്പസ് ഹെൽത്ത് ക്ലിനിക്, ഹോട്ടികൾച്ചറൽ നേഴ്സറി (ഷാരോൺവാലി), പൂന്തോട്ടപരിശീലനം എന്നിവ ഇതിന് ഉദാഹരണമാണ്.

മഹായിടവകയിലെ സർവ്വ മേഖലകളിലും പ്രയോജനപ്പെടുന്ന ജസ്റ്റീസ്ഫണ്ട്, അനുരഞ്ജന ശുശ്രൂഷ, ദളിത് പുനരധിവാസ കേന്ദ്രം, വേദമാണിക്യം യൂണിറ്റി സെന്റ്ർ, ഐ.എച്ച്.ഡി.പി. എന്നീ സ്ഥാപനങ്ങൾ സ്ഥാപിക്കവഴി നമ്മുടെ സഭയുടെ യാഥാർത്ഥ മിശിഹായായി ബിഷപ്പ് അമൃതം തിരുമേനി. മഹായിടവകയുടെ സമഗ്രവളർച്ചക്കും സുസ്ഥിരതയ്ക്കും അടിസ്ഥാനമായ ദക്ഷിണ കേരള മഹായിടവക ഭരണഘടന ജനാതിപത്യ സ്ഥാപനങ്ങളെ ബലപ്പെടുത്തി. (ഇന്ന് നിലവിലിരിക്കുന്ന) ഭരണഘടന പണിപ്പെട്ട് തയ്യാറാക്കി സിനഡിന്റെ അംഗീകാരം വാങ്ങിച്ചു. ഈ ഭരണഘടന, സിനഡിന്റെ കീഴിലുള്ള മറ്റു ഏത് മഹായിടവകയുടെയും ഭരണഘടയെക്കാളും മെച്ചമായത് എന്ന് സിനഡ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

മഹായിടവക ബിഷപ്പായിരിക്കുമ്പോൾ തന്നെ ഒരു കൊച്ച് പള്ളി തെരഞ്ഞെടുത്ത് സഭാശുശ്രൂഷകനായി സേവനം അനുഷ്ഠിച്ച് ഇടയ ശുശ്രൂഷയ്ക്ക് പുതിയ മാനവും പദവിയും നൽകിയ തിരുമേനി, 'തിരുമേനിമാരിൽ തിരുമേനി' എന്ന പദവിക്ക് യോഗ്യനായി. തിരുമേനിയായി തെരഞ്ഞെടുക്കപ്പെടുന്ന ഏവർക്കും സമയപരിധി നിശ്ചയിക്കണമെന്നും കാലപരിധിക്കു ശേഷം തുടർന്ന് പട്ടക്കാരനായി വിരമിക്കുന്നതുവരെ അതേ മഹായിടവകയെ സേവിക്കണമെന്ന് സിഡന് എക്സിക്യൂട്ടീവിൽ ആവശ്യപ്പെട്ടു. ദീർഘനാൾ ബിഷപ്പായി ഇരിക്കണമെന്നും ബിഷപ്പിന്റെ സേവന പരിധി നീട്ടണം എന്നും ആഗ്രഹിച്ചിരുന്ന സിനഡിന്റെ അംഗങ്ങൾക്ക് ഈ പുരോഗമന ആശയം ഒട്ടും സ്വീകാര്യമായിരുന്നില്ല. ഈ കാരണങ്ങളാൽ സി.എസ്.ഐ സഭയ്ക്ക് മോഡറേറ്ററായോ, ഡെപ്യൂട്ടി മോഡറേറ്ററായോ ലഭിക്കേണ്ട അമൃതവർഷങ്ങൾ നഷ്ടമായി.

ജനത്തെ നേരിൽ അറിയുകയും ജനത്തിന്റെ ഭാഷപഠിച്ച് ജനങ്ങളോടൊപ്പം നിലകൊണ്ടും അജഗണത്തിന് നല്ല ഇടയനായ ജനങ്ങളെ തൊട്ടറിഞ്ഞ തിരുമേനി തന്റെ ഇടയപരിപാലന ദൗത്യനിർവ്വണത്തിന് സഭയുടെ സുപ്രധാന ജനാധിപത്യ സ്ഥാപനം/ ഉപകരണം ആയ ഭരണഘടന ദൈവരാജ്യ ശുശ്രൂഷാജീവിതം ഉറപ്പുവരുത്തുന്നതിന് വേണ്ടി സമൂലമായി മാറ്റി എഴുതി. ഇന്ന് നിലവിലിരിക്കുന്ന മഹായിടവകയുടെ ഭരണഘടന തയ്യാറാകുന്നതിനു തിരുമേനിയുടെ ലോകസഭാകൗൺസിൽ പ്രവർത്തന പരിചയവും, ലോകോത്തര ക്രിസ്തീയ വിദ്യാഭ്യാസ ദൈവശാസ്ത്രത്തിൽ ഉള്ള ആഴമേറിയ പരിഞ്ജാനവും, ദീർഘവർഷത്തെ പരിചയസമ്പന്നതയും, കാരണമായി എന്ന് ഭരണഘടന പുതുക്കൽ കമ്മിറ്റി അംഗമായിരുന്ന എനിക്ക് നേരിട്ട് അറിയാവുന്നതാണ്.

പുരോഹിതനായ ജോബ് അമൃതം, മാതാവായ അന്നാൾ എന്നിവ

രുടെ നിരന്തര പ്രാർത്ഥനയുടെ ഫലമായി ലഭിച്ച കുഞ്ഞിനെ ശാമുവേൽ പ്രവാചകന് സമാനമായ പിറവി ആയതിനാൽ ശമുവേൽ എന്ന പേര് നൽകി, ദൈവീകശുശ്രൂഷകൾക്കായി 1932 ആഗസ്റ്റ് 19-ാം തീയതി പിറവിയുടെ 50-ാം ദിനം ദൈവീക ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിച്ച് സ്നാനപ്പെടുത്തി. മാതാ പിതാക്കൾ ദൈവശാസ്ത്രവിജ്ഞാനവും, ബുദ്ധിപരമായ സർവ്വകഴിവുകളും ദൈവശുശ്രൂഷയ്ക്ക് ഉതകുന്ന പ്രാർത്ഥനയും പ്രചോദനവും പൈതലിന് നൽകി. അറിവ് ആർജ്ജിക്കാനുള്ള അടങ്ങാനാകാത്ത ദാഹം ഈ പൈതലിനെ ഗണിതശാസ്ത്രവും, തത്വശാസ്ത്രവും, ഊർജ്ജതന്ത്രവും മേൽപറഞ്ഞി രിക്കുന്ന ശാസ്ത്രങ്ങളിൽ ബിരുദാനന്തര ബിരുദവും ബാംഗ്ലൂർ യു.റ്റി.സി. യിൽ നിന്ന് ബി.ഡിയും, ഹാംബർഗ്ഗ് യൂണിവേഴ്സിറ്റിയിൽ നിന്നും (ജർമ്മനി) പി.എച്ച്. ഡിയും കരസ്ഥമാക്കാൻ കാരണമായി. സഭാശുശ്രൂഷക്കു മാതൃകാപരമായി വേദശാസ്ത്രവിദ്യാഭ്യാസം ദീർഘവീക്ഷണവും സഭാശുശ്രൂഷയ്ക്ക് ഉതകും വണ്ണം മഹായിടവകയിലെ ശുശ്രൂഷകന്മാരെ ഉപദേശിക്കാനും തുടർ വിദ്യാ ഭ്യാസത്തിലൂടെ വേദശാസ്ത്ര ഉപരിപഠനം നൽകുന്നതിനും, വേദശാസ്ത്ര പഠനപ്രവേശനം എന്നിവ മെരിറ്റ് അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി പട്ടത്വ ശുശ്രൂഷയെ തിരുമേനി മെച്ചപ്പെടുത്തി നവീകരിച്ചു. ഇത് അതിശ്രേഷ്ഠമായ പട്ടത്വശുശ്രൂഷയ്ക്ക് ജനത്തെ ഒരുക്കിയ അമൃതം തിരുമേനിയുടെ പ്രവർത്ത നവും ആശയവും ആയിരുന്നു.

സ്വന്തം ജീവിതത്തിലൂടെ ശ്രദ്ധേയവും വിപ്ലവകരമായ തിരുമേനി ജനത്തിന്റെ ഭാഷപഠിച്ച് ജനത്തോടൊപ്പം നിലകൊണ്ട അവരുടെ അമരക്കാര നായി. ഒരു ശ്രേഷ്ഠ ഇടയനായ തിരുമേനിയുടെ ജീവിതം അമൃതം തന്നെ. നമ്മുടെ സഭയുടെയും മഹായിടവകയുടെയും മാതൃകാപരമായ വളർച്ചയ്ക്കും ഈ അമൃതം ഏറ്റവും ശ്രേഷ്ഠമായ സുവർണ്ണകാലഘട്ടം നമുക്ക് സമ്മാനിച്ചു.

അമൃതം തിരുമേനി ഒരു ലോകോത്തര ദൈവ ശാസ്ത്രജ്ഞൻ, നീതിക്ക് വേണ്ടി ദാഹിക്കുന്ന മനസ്സിന് ഉടയൻ, ദൈവരാജ്യ നിർമ്മിതി ക്കുവേണ്ടി ഒരു ആയിസ്സ് മുഴുവൻ ഇടയത്വ ശുശ്രൂഷ നൽകിയവൻ, ഒരു തികഞ്ഞ കലാകാരൻ. ഈ ജീവിതം അമൃതം തന്നെ. തിരുമേനി നമ്മെ വിട്ടുപിരിഞ്ഞിട്ടു ഒരു വർഷം തികയുന്നു. ധന്യമായ ആ ജീവിതത്തിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

## നിത്യതയിൽ



**Stella Thomas**

Peacelyn, KRA 13, Pananvila,
Nalanchira P. O., TVM -15.
Family No - 710

**Called to eternal rest on
03-08-2018**

എ. ലിവിംഗ്സ്റ്റൺ

# "നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ"

രചന: പ്രൊഫ. കോശി തലയ്ക്കൽ

## (ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ 454)

**ജീ**വിതാനുഭവത്തിൽകൂടെ യേശുവിനെ എല്ലാറ്റിനും മതിയായവനായും നന്മയല്ലാതൊന്നും തനിക്ക് ചെയ്യാത്തവനായും കണ്ടെത്തിയ അവസരത്തിൽ മനസ്സു നിറഞ്ഞ് ഹൃദയംഗമായി കുറിച്ച ഗാനവരികളാണ്, കോശിതലയ്ക്കൽ എന്ന രചയിതാവ് ഈ ഗാനത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

1990 – കളിൽ തിരുവനന്തപുരം നന്തൻകോട് താമസിക്കുകയും മാവേലിക്കര ബിഷപ്പ് മൂർകോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്തു വന്ന കാലത്തുണ്ടായ ഒരു അനുഭവമാണ് ഈ ഗാനരചനയ്ക്കിടയാക്കിയത്. 1991 സെപ്തംബർ 2 ന് രാവിലെ പതിവുപോലെ യാത്രയ്ക്കായി ഇറങ്ങിയപ്പോൾ പത്നി കുഞ്ഞുമോൾ ഒരാവശ്യം ഉന്നയിച്ചു. അടുത്തദിവസം അവധിയെടുത്തു വരണമെന്നായിരുന്നു അത്. എന്താണ് കാരണമെന്ന് മനസ്സിലായില്ല. എങ്കിലും വൈകുന്നേരം മടങ്ങിയെത്തിയപ്പോൾ പിറ്റെ ദിവസത്തേക്കു അവധി എടുത്തിട്ടു വന്നു.

അടുത്ത ദിവസം പുലർന്നു. പതിവുപോലെ കാര്യങ്ങൾ നടന്നുവരികയായിരുന്നു. ഉച്ചയായപ്പോൾ പെട്ടെന്ന് കിടപ്പ് മുറിയിൽ നിന്നും പത്നിയുടെ കരച്ചിൽ കേട്ട് ആ മുറിയിലേക്ക് ഓടിയെത്തിയപ്പോൾ നെഞ്ച് അമർത്തിപ്പിടിച്ച് കരയുന്ന പത്നിയെയാണ് കണ്ടത്. ഉടൻ തന്നെ ഗ്യാസ് ട്രബിൾ ആയിരിക്കുമെന്ന് കരുതി അവിടെയുണ്ടായിരുന്ന മരുന്ന് നൽകി. വേദന ശമിച്ചെങ്കിലും വീണ്ടും ഇടവിട്ടിടവിട്ട് വേദന തുടർച്ചയായി ഉണ്ടായതിനാൽ തൊട്ടടുത്തുള്ള ഡോക്ടർ ജീൻ പത്മയെ സമീപിച്ചു. ഡോക്ടറുടെ നിർദേശാനുസരണം ഇ. സി. ജി. യെടുത്ത് രാത്രിയോടെ വീണ്ടും ഡോക്ടറെ കാണിച്ചു. സ്നേഹമതിയായ ഡോക്ടർ ഉടൻ തന്നെ തന്റെ കാറിൽ പട്ടത്തുള്ള ആശുപത്രിയിൽ എത്തിച്ചു കൊറോണറി വിഭാഗത്തിൽ പ്രവേശിപ്പിച്ചു. അല്പംനേരം കഴിഞ്ഞ് ഡോക്ടർ പുറത്തു വന്നുപറഞ്ഞു: 'മരുന്നു നൽകിയിട്ടുണ്ട്. ഫലം അറിയുന്നതിനു കുറെ സമയം വേണ്ടിവരും'.

ഇതുകേട്ടു കോശിസാർ ആശുപത്രി വരാന്തയിൽ കൂടി നിന്ന മക്കളോടും മറ്റും താൻ വീടുവരെ പോയിട്ടു വരാമെന്നു പറഞ്ഞ് വീട്ടിലേക്കു പോയി. വീട്ടിലെത്തി കതക് തുറന്ന് മുറിയിക്കുള്ളിൽ കയറി കർത്താവിങ്കലേക്കു നോക്കി പ്രാർത്ഥിച്ചു. "നാഥാ നീ നൽകുന്നത് നന്മയായലും തിന്മയായാലും ഞാൻ സ്തോത്രത്തോടെ സ്വീകരിക്കും" പ്രാർത്ഥനയ്ക്കു ശേഷം അസാധാരണമായ ഒരു ആശ്വാസം അനുഭവപ്പെട്ടു. മനോഭാരം കുറഞ്ഞ് വീണ്ടും ആശുപത്രിയിലേക്കു പോയി. അടുത്ത പ്രഭാതത്തിൽ ഡോക്ടർ പറഞ്ഞു. "രോഗി മരുന്നുകളോട് പ്രതികരിക്കുന്നു ഭയപ്പെടേണ്ടതില്ല.

*ശേഷം പേജ് 20 കാണുക*

# YFF Family Bible Quiz 2018



Ist Prize



IInd Prize



IIIrd Prize



IVth Prize



Vth Prize



Quiz Masters



Preliminaries

# YFF Charity Fest Painting Competetion



**Irene Fanny**
GROUP A (Ist Prize)



**Jonathan Edwards**
GROUP B(Ist Prize)



**Ashika Niya Sarjine**
GROUP A (IInd Prize)



**Aleena S. Sam**
GROUP B (IInd Prize)



**Angel Anna Roy**
GROUP A (IIIrd Prize)



**Hannah Joshidas**
GROUP B (IIIrd Prize)



**Aneesha M**
GROUP C (Ist Prize)



**Sandra N.S**
GROUP D (Ist Prize)



**Abeni Ansalam**
GROUP C (IInd Prize)



**Nisha Prathap**
GROUP D (Ind Prize)



**Sweety S.B.**
GROUP C (IIIrd Prize)



**Joann Praseedom**
GROUP D (IIrd Prize)




**Annie John**
GROUP E (Ist Prize)




**Vinish Benjamin**
GROUP E (IInd Prize)



**Premila Sylam**
GROUP E (IIIrd Prize)

*Inauguration of*
**YFF Charity Fest 2018**
**on August 15**
**by Sri. N. Sakthan**
(Former Speaker)



First bid by
Er. David Anush



# CHURCH OF SOUTH INDIA

*(A brief history of CSI)*

***Dr. Christenson E. Sarasam***

